**മധുരമായ കുട്ടികളേ, ശ്രീമതപ്രകാരം പവിത്രമായി മാറൂ എങ്കിൽ ധർമ്മരാജന്റെ ശിക്ഷകളിൽ നിന്ന് മുക്തമാകും, വജ്രതുല്യമായി മാറണമെങ്കിൽ ജ്ഞാനാമൃതം കുടിക്കൂ, വികാരമാകുന്ന വിഷത്തെ ഉപേക്ഷിക്കൂ.**

**ചോദ്യം:** സത്യയുഗത്തിലെ പദവിയുടെ മുഴുവൻ ആധാരവും എന്തിന്റെ അടിസ്ഥാനത്തിലാണ്?

**ഉത്തരം:** പവിത്രതയുടെ. നിങ്ങൾക്ക് ഓർമ്മയിലിരുന്ന് തീർച്ചയായും പവിത്രമായി മാറണം. പവിത്രമായി മാറിയാൽ മാത്രമേ സദ്ഗതി ലഭിക്കുകയുള്ളൂ. ആര് പവിത്രമായി മാറുന്നില്ലയോ അവർ ശിക്ഷകളനുഭവിച്ച് തന്റെ ധർമ്മത്തിൽ വരും. നിങ്ങൾ ഗൃഹസ്ഥത്തിലിരുന്നുകൊള്ളൂ, പക്ഷെ ഒരു ദേഹധാരിയേയും ഓർമ്മിക്കരുത്, പവിത്രമായിരിക്കൂ എങ്കിൽ ഉയർന്ന പദവി ലഭിക്കും.

**ഗീതം:** അങ്ങയെ ലഭിച്ച ഞങ്ങൾ വിശ്വം നേടി . . . . . .

**ഓം ശാന്തി.** ശിവഭഗവാനുവാചാ, വേറെ ആരെയും ഭഗവാൻ എന്നു പറയാൻ കഴിയുകയില്ല, നിരാകാരനായ പരമാത്മാവിനെ മാത്രമേ ശിവബാബയെന്നു പറയുകയുള്ളൂ. ബാബ സർവ്വരുടേയും പിതാവാണ്. ആദ്യമാദ്യം ഈ നിശ്ചയം വേണം – നാം തീർച്ചയായും ശിവബാബയുടെ കുട്ടികളാണ്. ദുഃഖത്തിന്റെ സമയത്ത് പറയുന്നു പരമാത്മാവേ, സഹായിക്കൂ, ദയ കാണിക്കൂ. ഇതുപോലും അറിയുന്നില്ല നമ്മുടെ ആത്മാവ് പരമാത്മാവിനെ ഓർമ്മിക്കുകയാണെന്ന്. ബാബ നാം ആത്മാക്കളുടെ അച്ഛനാണ്. ഈ സമയത്ത് ലോകത്തിലെ മുഴുവൻ ആത്മാക്കളും പതിതമാണ്. പാടുന്നുമുണ്ട്, ഞാൻ പാപി–നീചനാണ്, അങ്ങ് സമ്പൂർണ്ണ നിർവികാരിയാണ്. എന്നിട്ടും സ്വയത്തെ മനസ്സിലാക്കുന്നില്ല. ബാബ മനസ്സിലാക്കിത്തരികയാണ് നിങ്ങളെല്ലാവരും പറയുന്നല്ലോ ഭഗവാനായ അച്ഛൻ ഒരാൾ മാത്രമേയുള്ളൂ, അപ്പോൾ നിങ്ങളെല്ലാം അന്യോന്യം സഹോദരങ്ങളാണ്. പിന്നെ ശരീരത്തിന്റെ ബന്ധത്തിൽ വരുമ്പോൾ സഹോദരീ–സഹോദരങ്ങളാണ്. ശിവബാബയുടെ കുട്ടികൾ, പിന്നെ പ്രജാപിതാ ബ്രഹ്മാവിന്റെയും കുട്ടികളാണ്. ഇത് നിങ്ങളുടെ പരിധിയില്ലാത്ത അച്ഛനും, ടീച്ചറും ഗുരുവുമാണ്. ശിവബാബ പറയുകയാണ് ഞാൻ നിങ്ങളെ പതിതമാക്കി മാറ്റുന്നില്ല. ഞാൻ വന്നിരിക്കുന്നത് നിങ്ങളെ പാവനമാക്കി മാറ്റാനാണ്, എന്റെ മതപ്രകാരം നടക്കുകയാണെങ്കിൽ. ഇവിടെ എല്ലാ മനുഷ്യരും രാവണമതത്തിലാണ്. എല്ലാവരിലും 5 വികാരങ്ങളുണ്ട്. ബാബ പറയുകയാണ് കുട്ടികളേ, ഇപ്പോൾ നിർവികാരിയായി മാറൂ, ശ്രീമതപ്രകാരം നടക്കൂ. എന്നാൽ വികാരങ്ങളെ ഉപേക്ഷിക്കുന്നേയില്ല. അങ്ങിനെയാണെങ്കിൽ സ്വർഗ്ഗത്തിന്റെ അധികാരികളുമാകുകയില്ല. എല്ലാവരും അജാമിലനെപ്പോലെ പാപികളായി മാറിയിരിക്കുകയാണ്. രാവണ സമ്പ്രദായമാണ്, ഇത് ശോകവാടികയാണ്, എത്ര ദുഃഖിതരാണ്. ബാബ വന്ന് രാമരാജ്യമാക്കിമാറ്റുന്നു. കുട്ടികൾക്കറിയാം ഇത് സത്യം സത്യമായ യുദ്ധക്കളമാണ്. ഗീതയിൽ ഭഗവാൻ പറയുന്നു കാമം മഹാശത്രുവാണ്, അതിനുമുകളിൽ വിജയം പ്രാപ്തമാക്കൂ. എന്നാൽ അതിന് കഴിയുന്നില്ല. ഇപ്പോൾ ബാബയിരുന്ന് മനസ്സിലാക്കിത്തരികയാണ്. നിങ്ങളുടെ ആത്മാക്കൾ ഈ അവയവങ്ങളിലൂടെ കേൾക്കുന്നു, പിന്നെ കേൾപ്പിക്കുന്നു, എല്ലാം ആത്മാവാണ് ചെയ്യുന്നത്. നാം ആത്മാക്കൾ ശരീരം ധാരണ ചെയ്ത് പാർട്ടഭിനയിക്കുന്നു. എന്നാൽ മനുഷ്യർ ആത്മാഭിമാനികളാകുന്നതിനു പകരം ദേഹാഭിമാനികളായിരിക്കുകയാണ്. ഇപ്പോൾ ബാബ പറയുകയാണ് ദേഹീയഭിമാനിയായിമാറൂ. സത്യയുഗത്തിൽ ആത്മാഭിമാനികളായിരുന്നു. പരമാത്മാവിനെ അറിയുമായിരുന്നില്ല. ഇവിടെ നിങ്ങൾ ദേഹാഭിമാനികളാണ്, പരമാത്മാവിനെയും അറിയുന്നില്ല, അതുകൊണ്ടാണ് നിങ്ങളുടെ ഇങ്ങിനെയുള്ള ദുർഗ്ഗതിയായത്. ദുർഗ്ഗതിയേയും മനസ്സിലാക്കുന്നില്ല. ആർക്കാണോ ധാരാളം ധനമുള്ളത് അവർ കരുതുകയാണ് സ്വർഗ്ഗത്തിലിരിക്കുകയാണെന്ന്. ബാബ പറയുകയാണ് ഇവരെല്ലാവരും ദരിദ്രരായി മാറുന്നു എന്തുകൊണ്ടെന്നാൽ വിനാശം നടക്കേണ്ടതുണ്ട്. വിനാശം സംഭവിക്കുകയെന്നത് നല്ലതല്ലേ. നമ്മളെല്ലാവരും മുക്തിധാമത്തിൽ പോകും, ഇതിൽ സന്തോഷിക്കേണ്ടതല്ലേ. നിങ്ങൾ മരിക്കാൻ തയ്യാറെടുപ്പു നടത്തിക്കൊണ്ടിരിക്കുകയാണ്. മനുഷ്യർ മരിക്കാൻ പേടിക്കുന്നു. ബാബ നിങ്ങളെ വൈകുണ്ഠത്തിലേക്ക് കൊണ്ടുപോകാൻ വേണ്ടി യോഗ്യരാക്കിമാറ്റിക്കൊണ്ടിരിക്കുകയാണ്. പതിതർ പതിത ലോകത്തിൽ തന്നെ ജന്മമെടുത്തുകൊണ്ടിരിക്കുന്നു. ആരും സ്വർഗ്ഗവാസിയാകുന്നില്ല. മുഖ്യമായ കാര്യം ബാബ പറയുകയാണ് പവിത്രമായിമാറൂ. പവിത്രമായി മാറാതെ പവിത്രമായ ലേകത്തിലേയ്ക്ക് പോകാൻ കഴിയുകയില്ല. പവിത്രതയുടെ കാരണം തന്നെയാണ് അബലകൾക്ക് മർദ്ദനമേൽക്കുന്നത്. വിഷത്തെ അമൃതമെന്നു കരുതുകയാണ്. ബാബ പറയുകയാണ് ഞാൻ നിങ്ങളെ ജ്ഞാനാമൃതം കൊണ്ട് വജ്രതുല്യമാക്കി മാറ്റുന്നു, പിന്നെ നിങ്ങളെന്തിനാണ് വിഷം കഴിച്ച് കക്കയ്ക്കു സമാനമാകുന്നത്. അര

ക്കല്പം നിങ്ങൾ വിഷം കഴിച്ചു, ഇപ്പോൾ എന്റെ ആജ്ഞയെ മാനിക്കൂ. ഇല്ലെങ്കിൽ ധർമ്മരാജന്റെ ശിക്ഷ അനുഭവിക്കേണ്ടിവരും. ലൗകിക പിതാവും പറയാറുണ്ട് കുട്ടികളേ കുലത്തിന്റെ പേരു ദോഷം വരുത്തി വെക്കരുത്. പരിധിയില്ലാത്ത അച്ഛൻ പറയുകയാണ് ശ്രീമത പ്രകാരം നടക്കൂ, പവിത്രമായിമാറൂ. കാമചിതയിൽ പോകുകയാണെങ്കിൽ നിങ്ങളുടെ കറുത്തമുഖം കൂടുതൽ കറുത്തതായിമാറും. ഇപ്പോൾ നിങ്ങളെ ജ്ഞാനചിതയിലിരുത്തി വെളുത്തവരാക്കി മാറ്റുകയാണ്. കാമചിതയിലിരിക്കുകയാണെങ്കിൽ സ്വർഗ്ഗത്തിന്റെ മുഖം പോലും കാണാൻ കഴിയുകയില്ല, അതുകൊണ്ട് ബാബ പറയുകയാണ് ഇപ്പോൾ ശ്രീമതപ്രകാരം നടക്കൂ. അച്ഛൻ മക്കളോടല്ലേ പറയൂ. മക്കൾക്കു മാത്രമേ അറിയുകയുള്ളൂ- അച്ഛൻ നമുക്ക് സ്വർഗ്ഗത്തിന്റെ സമ്പത്ത് നൽകാൻ വേണ്ടി വന്നിരിക്കുകയാണ്. കലിയുഗം ഇപ്പോൾ അവസാനിക്കാൻ പോകുകയാണ്. ആരാണോ ബാബയുടെ ശ്രീമതപ്രകാരം നടക്കുന്നത് അവരുടെ മാത്രമേ സദ്ഗതിയുണ്ടാകുകയുള്ളൂ. പവിത്രമായി മാറുന്നില്ലായെങ്കിൽ ശിക്ഷകളനുഭവിച്ച് തന്റെ ധർമ്മത്തിൽ വരും. ഭാരതവാസികൾ തന്നെയായിരുന്നു സ്വർഗ്ഗവാസികൾ. ഇപ്പോൾ പതിതമായി മാറിയിരിക്കുകയാണ്. സ്വർഗ്ഗത്തിന്റെ അറിവുപോലുമില്ല. അതുകൊണ്ട് ബാബ പറയുകയാണ് നിങ്ങൾ എന്റെ ശ്രീമതപ്രകാരം നടക്കാതെ മറ്റുള്ളവരുടെ മതപ്രകാരം നടന്ന് വികാരത്തിൽ പോകുകയാണെങ്കിൽ മരിച്ചതിനു തുല്യമാണ്, പിന്നെ അവസാനം സ്വർഗ്ഗത്തിൽ വരും എന്നാൽ വളരെ താഴ്ന്ന പദവിയായിരിക്കും ലഭിക്കുക. ഇപ്പോൾ ആരാണോ സമ്പന്നർ അവർ ദരിദ്രരായിമാറുന്നു. ഇവിടെ ആരാണോ ദരിദ്രർ അവർ സമ്പന്നരായി മാറുന്നു. ബാബ ദരിദ്രരുടെ കൂടെയാണ്. മുഴുവൻ കാര്യവും പവിത്രതയുടെ മുകളിലാണ്. ബാബയോടൊപ്പം യോഗം വെക്കുന്നതിലൂടെ നിങ്ങൾ പാവനമായിമാറുന്നു. ബാബ കുട്ടികൾക്ക് പറഞ്ഞു തരികയാണ് – ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിക്കുകയാണ്. ഞാൻ വീടും കുടുംബവും ഉപേക്ഷിക്കാൻ പറയുന്നില്ല, എന്നാൽ വികാരത്തിൽ പോകരുത് മാത്രമല്ല ഒരു ദേഹധാരിയേയും ഓർമ്മിക്കരുത്. ഈ സമയത്ത് എല്ലാവരും പതിതരാണ്. സത്യയുഗത്തിൽ പാവന ദേവതകളായിരുന്നു. ഈ സമയത്ത് അവരും പതിതരായിരിക്കുകയാണ്. പുനർജ്ജന്മമെടുത്തെടുത്ത് ഇപ്പോൾ അന്തിമ ജന്മമായിരിക്കുകയാണ്.

നിങ്ങളെല്ലാവരും പാർവ്വതിമാരാണ്, നിങ്ങൾക്കിപ്പോൾ അമരനാഥനായ അച്ഛൻ അമരകഥ കേൾപ്പിച്ചുകൊണ്ടിരിക്കുകയാണ്, അമരപുരിയുടെ അധികാരിയാക്കി മാറ്റുന്നതിന്. അതുകൊണ്ട് ഇപ്പോൾ അമരനാഥനായ അച്ഛനെ ഓർമ്മിക്കൂ. ഓർമ്മകൊണ്ടുമാത്രമേ നിങ്ങളുടെ വികർമ്മ വിനാശം നടക്കുകയുള്ളൂ. അല്ലാതെ ഒരു ശിവനും, ശങ്കരനും പാർവ്വതിയൊന്നും മലമുകളിലിരിക്കുന്നില്ല. ഇതെല്ലാം ഭക്തിമാർഗ്ഗത്തിലെ കഥകളാണ്. അരക്കല്പം നിങ്ങൾ വളരെയധികം ഉന്തും തള്ളും കൊണ്ടു, ഇപ്പോൾ ബാബ പറയുകയാണ് ഞാൻ നിങ്ങളെ സ്വർഗ്ഗത്തിലേയ്ക്ക് കൊണ്ടുപോകും. സത്യയുഗത്തിൽ സുഖം തന്നെ സുഖമാണ്. ഉന്തും-തള്ളലോ, വീഴ്ച്ചയോ ഒന്നുമില്ല. മുഖ്യമായ കാര്യമാണ് പവിത്രമായിരിക്കുന്നതിന്റെ. ഇവിടെ വളരെയധികം പാപം ചെയ്യുമ്പോൾ പാപകുടം നിറയുന്നു, വിനാശവും നടക്കുന്നു. ഇപ്പോൾ ഒരു ജന്മം പവിത്രമായിരിക്കുകയാണെങ്കിൽ പവിത്രമായ ലോകത്തിന്റെ അധികാരിയായി മാറും, ഇപ്പോൾ ആര് ശ്രീമതപ്രകാരം നടക്കുന്നുവോ അവർ. കല്പം മുന്നെ ശ്രീമതപ്രകാരം നടന്നിട്ടില്ലായെങ്കിൽ ഇപ്പോളും നടക്കുകയില്ല, പദവിയും പ്രാപ്തമാകുകയില്ല. ഒരച്ഛന്റെ മക്കളാണ് നിങ്ങൾ. നിങ്ങളന്യോന്യം സഹോദരീ-സഹോദരന്മാരാണ്. എന്നാൽ ബാബയുടേതായി മാറി വികാരത്തിനു വശപ്പെടുകയാണെങ്കിൽ വളരെ കുഴപ്പങ്ങളിലേയക്ക് വീണുപോകും, വലിയ പാപാത്മാവായി മാറും. ഇത് ഈശ്വരീയ ഗവർമ്മേണ്ടാണ്. എന്റെ മതപ്രകാരം പവിത്രമായി മാറിയില്ലായെങ്കിൽ ധർമ്മരാജനിലൂടെ വളരെ കടുത്ത ശിക്ഷകളനുഭവിക്കേണ്ടി വരും. ജന്മജന്മാന്തരങ്ങളായി ചെയ്ത എല്ലാപാപങ്ങളുടേയും ശിക്ഷയനുഭവിച്ച് കണക്കുകളവസാനിപ്പിക്കേണ്ടിവരും. ഒന്നുകിൽ യോഗബലം കൊണ്ട് പാപങ്ങളെ ഭസ്മമാക്കണം അല്ലെങ്കിൽ വളരെ കടുത്ത ശിക്ഷകളനുഭവിക്കേണ്ടി വരും. എത്രയധികം ബ്രഹ്മാകുമാരന്മാരും കുമാരികളുമാണ്, എല്ലാവരും പവിത്രമായിരിക്കുന്നു, ഭാരതത്തെ സ്വർഗ്ഗമാക്കിമാറ്റുന്നു. നിങ്ങൾ ശിവ ശക്തി പാണ്ഡവ സേനയാണ്, ഗോപ-ഗോപികമാർ, ഇതിൽ രണ്ടുപേരും വരുന്നു. സ്വയം ഭഗവാൻ വന്നാണ് നിങ്ങളെ പഠിപ്പിക്കുന്നത്. ലക്ഷ്മീ-നാരായണന്മാരെ ഭഗവതി ഭഗവാനെന്നു പറയുന്നു. അവർക്ക് ഭഗവാൻ തന്നെയായിരിക്കും സമ്പത്ത് നൽകിയിരിക്കുന്നത്. സ്വയം ഭഗവാൻ വന്നാണ് നിങ്ങളെ ദേവതയാക്കി മാറ്റുന്നത്. സത്യയുഗത്തിൽ ഏതുപോലെ രാജാവ് അതുപോലെ പ്രജകളുമായിരിക്കും. എല്ലാവരും ശ്രേഷ്ഠാചാരികളായിരുന്നു, ഇപ്പോൾ രാവണ രാജ്യമാണ്. രാമരാജ്യത്തിൽ പോകണമെങ്കിൽ പവിത്രമായി മാറൂ, രാമന്റെ മത പ്രകാരം നടക്കൂ. രാവണന്റെ മത പ്രകാരം നടന്നാണ് നിങ്ങളുടെ ദുർഗ്ഗതിയുണ്ടായത്. പാടപ്പെട്ടിട്ടുമുണ്ട് ചിലരുടെ മണ്ണിനടിയിൽപ്പോയി . . സ്വർണ്ണം മുതലായത് മണ്ണിൽ, ചുമരുകളിൽ ഒളിപ്പിച്ച് വെക്കുന്നു. പെട്ടെന്ന് മരിക്കുകയാണെങ്കിൽ എല്ലാം അവിടെത്തന്നെ ഇരുന്നുപോകും. വിനാശം നടക്കുകതന്നെ വേണം. ഭൂമി കലുക്കങ്ങൾ മുതലായവയുണ്ടാകുമ്പോൾ കള്ളന്മാരെല്ലാം പുറത്തു വരുന്നു. ഇപ്പോൾ ധനികനായ അച്ഛൻ വന്നിരിക്കുകയാണ്, നിങ്ങളെ തന്റേതാക്കിമാറ്റി വിശ്വത്തിന്റെ അധികാരിയാക്കിമാറ്റുന്നതിന്. മനുഷ്യർക്ക് ഇന്ന്

വാനപ്രസ്ഥ അവസ്ഥയിലും  വികാരത്തിൽ പോകാതെ ഇരിക്കാൻ കഴിയുന്നില്ല, തികച്ചും തമോപ്രധാനമായിരിക്കുകയാണ്.  അച്ഛനെ തിരിച്ചറിയുന്നേയില്ല.  ബാബ പറയുകയാണ് ഞാൻ പവിത്രമാക്കി മാറ്റാൻ വന്നിരിക്കുകയാണ്.  വികാരത്തിൽ പോകുകയാണെങ്കിൽ വളരെ കടുത്ത ശിക്ഷകളനുഭവിക്കേണ്ടി വരും. ഞാൻ പവിത്രമാക്കി മാറ്റി പവിത്രമായ ലോകത്തിന്റെ സ്ഥാപന ചെയ്യാൻ വേണ്ടി വന്നിരിക്കുകയാണ്. നിങ്ങൾ പിന്നെ പതിതരായി മാറി വിഘ്നം വരുത്തിവെക്കുകയാണ്.  സ്വർഗ്ഗത്തിന്റെ സ്ഥാപനത്തിന് തടസ്ഥമാകുന്നു, അങ്ങിനെയാണെങ്കിൽ വളരെ കടുത്ത ശിക്ഷകളനുഭവിക്കേണ്ടി വരും.  ഞാൻ നിങ്ങളെ സ്വർഗ്ഗവാസിയാക്കി മാറ്റാൻ വന്നിരിക്കുകയാണ്.  വികാരത്തെ ഉപേക്ഷിക്കുന്നില്ലായെങ്കിൽ ധർമ്മരാജനിലൂടെ വളരെ അടി വാങ്ങിക്കും.  വളരെ തേങ്ങി-തേങ്ങി കരയേണ്ടി വരും.  ഇത് ഇന്ദ്രസഭയാണ്.  കഥയുമുണ്ടല്ലോ  -  അവിടെ ജ്ഞാന മാലാഖമാരാണുണ്ടായിരുന്നത്, ആരോ പതിതരെ കൊണ്ടു വന്നപ്പോൾ അതിന്റെ വൈബ്രേഷനുണ്ടാകാൻ തുടങ്ങി.  ഇവിടെയും സഭയിൽ ഒരു പതിതരേയും ഇരുത്തുകയില്ല. പവിത്രതയുടെ പതിജ്ഞ ചെയ്യാതെ ഇരുത്തുകയില്ല, ഇല്ലെങ്കിൽ കൊണ്ടുവരുന്ന ആളിനും ദോഷമുണ്ടാകും.  ബാബയ്ക്ക് എല്ലാം അറിയാം, എന്നാലും കൊണ്ടുവരുന്നു, അപ്പോൾ ശിക്ഷ നൽകേണ്ടിവരുന്നു. ശിവബാബയെ ഓർമ്മിക്കുന്നതിലൂടെ ആത്മാവ് ശുദ്ധമായി മാറുന്നു.  വായുമണ്ഡലത്തിൽ ശാന്തി നിറയുന്നു.  ബാബ തന്നെയാണ് തന്റെ പരിചയം നൽകുന്നത്  -  ഞാൻ നിങ്ങളുടെ അച്ഛനാണ്.  അയ്യായിരം വർഷം മുന്നത്തെപ്പോലെ നിങ്ങളെ ദേവതയാക്കി മാറ്റാൻ വന്നിരിക്കുകയാണ്.  പരിധിയില്ലാത്ത അച്ഛനിൽ നിന്ന് സുഖത്തിന്റെ സമ്പത്തെടുക്കണം. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. യോഗബലത്തിലൂടെ എല്ലാ കണക്കുകളേയും തീർത്ത് ആത്മാവിനെ ശുദ്ധവും വായുമണ്ഡലത്തെ ശാന്തവുമാക്കി മാറ്റണം.

2. ബാബയുടെ ശ്രീമത പ്രകാരം സമ്പൂർണ്ണ പാവനമായി മാറുന്നതിന്റെ പ്രതിജ്ഞ ചെയ്യണം. വികാരത്തിന് വശപ്പെട്ട് സ്വർഗ്ഗത്തിന്റെ സ്ഥാപനക്ക് തടസ്സമാകരുത്.

## വരദാനം:- മനസ്സിന്റെയും ബുദ്ധിയുടെയും സ്വച്ഛതയിലൂടെ യഥാർത്ഥ നിർണ്ണയം ചെയ്യുന്ന സഫലതാ സമ്പന്നരായി ഭവിക്കട്ടെ.

ഏതൊരു കാര്യത്തിലും സഫലത പ്രാപ്തമാകുന്നത് സമയത്ത് ബുദ്ധി യഥാർത്ഥ നിർണ്ണയം നടത്തുമ്പോഴാണ്. പക്ഷെ മനസ്സും ബുദ്ധിയും സ്വച്ഛമാകുമ്പോഴേ നിർണ്ണയ ശക്തി ജോലി ചെയ്യൂ, യാതൊരു അഴുക്കുകളും ഉണ്ടാകുകയുമരുത്. അതിനാൽ യോഗാഗ്നിയിലൂടെ അഴുക്കുകളെ നീക്കി ബുദ്ധിയെ സ്വച്ഛമാക്കി മാറ്റൂ. ഏത് വിധത്തിലുമുള്ള ദുർബ്ബലതകൾ- അഴുക്കാണ്. അല്പമാത്രം വ്യർത്ഥസങ്കൽപം പോലും അഴുക്കാണ്, എപ്പോൾ ഈ അഴുക്ക് ഇല്ലാതാകുന്നുവോ അപ്പോൾ ചിന്തയില്ലാതിരിക്കാം മാത്രമല്ല സ്വച്ഛ ബുദ്ധിയാകുന്നതിലൂടെ ഓരോ കാര്യത്തിലും സഫലത പ്രാപ്തമാകും.

## സ്ലോഗൻ:- സദാ ശ്രേഷ്ഠവും ശുദ്ധവുമായ സങ്കൽപങ്ങൾ പുറത്ത് വന്നുകൊണ്ടിരിക്കുമെങ്കിൽ വ്യർത്ഥം സ്വതവേ ഉള്ളിലൊതുങ്ങും.

### മാതേശ്വരിജിയുടെ മധുര മഹാവാക്യങ്ങൾ

ഈ കലിയുഗീ ലോകത്തെ അസാര സംസാരം എന്ന് എന്തുകൊണ്ടാണ് പറയുന്നത്? എന്തുകൊണ്ടെന്നാൽ ഈ സംസാരത്തിൽ യാതൊരു സാരവുമില്ല, എന്നുവെച്ചാൽ യാതൊരു വസ്തുവിലും ആ ശക്തിയോ സുഖമോ, ശാന്തിയോ പവിത്രതയോ ഇല്ല. ഈ സൃഷ്ടിയിൽ ഏതോ കാലത്ത് സുഖ ശാന്തി പവിത്രത ഉണ്ടായിരുന്നു, ഇപ്പോഴില്ല എന്തുകൊണ്ടെന്നാൽ ഇപ്പോൾ ഓരോരുത്തരിലും അഞ്ച് വികാരങ്ങളാകുന്ന ഭൂതം പ്രവേശിച്ചിരിക്കയാണ്. അതിനാൽ തന്നെയാണ് ഈ സൃഷ്ടിയെ ഭയത്തിന്റെ സാഗരം അഥവാ കർമ്മ ബന്ധനത്തിന്റെ സാഗരം എന്ന് പറയുന്നത്. ഇവിടെ ഓരോരുത്തരും ദു:ഖികളായി പരമാത്മാവിനെ

വിളിച്ചുകൊണ്ടിരിക്കുകയാണ്, പരമാത്മാവേ ഞങ്ങളെ ഭവസാഗരത്തിൽ നിന്നും അക്കരെയെത്തിക്കൂ. ഇതിലൂടെ തെളിയുന്നതെന്തെന്നാൽ തീർച്ചയായും ഏതോ അഭയം അഥവാ നിർഭയതയുടെയും ലോകമുണ്ടായിരുന്നു, അവവിടേക്ക് പോകാനാഗ്രഹിക്കുന്നു. അതിനാലാണ് ഈ ലോകത്തെ പാപങ്ങളുടെ സാഗരമെന്ന് പറയുന്നത്, അതിന്റെ അക്കരെ കടന്ന് പുണ്യാത്മാക്കളുടെ ലോകത്തിലേക്ക് പോകാനാഗ്രഹിക്കുന്നു. അപ്പോൾ ലോകം രണ്ടുണ്ട്, ഒന്ന് സത്യയുഗീ സാരമുള്ള ലോകം, രണ്ടാമത്തേത് കലിയുഗീ അസാര ലോകം. രണ്ട് ലോകങ്ങളും ഈ സൃഷ്ടിയിലാണുള്ളത്.

മനുഷ്യർ പറയുന്നു, ഹേ പ്രഭൂ ഞങ്ങളെ ഈ ഭവസാഗരത്തിൽ നിന്ന് അക്കരെക്ക് കൊണ്ടുപോകൂ, അക്കരെ എന്നുവെച്ചാലെന്താണ്? മനുഷ്യർ മനസ്സിലാക്കുന്നത് അക്കരെ എന്നാൽ ജനന മരണ ചക്രത്തിൽ വരാതിരിക്കുക അഥവാ മുക്തി ലഭിക്കുക എന്നാണ്. ഇത് മനുഷ്യരുടെ പറച്ചിലാണ്, പക്ഷെ പരമാത്മാവ് പറയുന്നു, കുട്ടികളേ, എവിടെയാണോ യഥാർത്ഥ സുഖ ശാന്തിയുള്ളത്, ദു:ഖ-അശാന്തിക്കും ദൂരെയുള്ളത് ആ ലോകത്തിലേക്ക് ഞാൻ നിങ്ങളെ കൊണ്ടുപോകും. നിങ്ങൾ സുഖം ആഗ്രഹിക്കുന്നുവെങ്കിൽ തീർച്ചയായും അത് ഈ ജീവിതത്തിൽ വേണ്ടതാണ്. അതാണെങ്കിൽ സത്യയുഗീ വൈകുണ്ഠത്തിലെ ദേവതകളുടെ ലോകത്തിലായിരുന്നു, അവിടെ സർവ്വദാ സുഖീജീവിതമായിരുന്നു, ആ ദേവതകളെ അമരന്മാരെന്നാണ് പറഞ്ഞിരുന്നത്. ഇപ്പോൾ അമരന്മാർ എന്നതിനും യാതൊരു അർത്ഥവുമില്ല. ദേവതകളുടെ ആയുസ്സ് ഇത്രയും വലുതാണ് , അവർ ഒരിക്കലും മരിക്കുകയേയില്ല, ഇത് ശരിയല്ല. ഇങ്ങനെ പറയുന്നത് തെറ്റാണ് എന്തുകൊണ്ടെന്നാൽ അങ്ങനെയല്ല. അവരുടെ ആയുസ്സ് സത്യ-ത്രേതാ യുഗം വരെ നിലനിൽക്കുകയില്ല. പക്ഷെ ദേവീ ദേവതകളുടെ ജന്മം സത്യത്രേതായുഗത്തിൽ വളരെ ഉണ്ടായിട്ടുണ്ട്, 21 ജന്മം അവർ സദ്ഭരണം നടത്തി, പിന്നീട് 63 ജന്മം ദ്വാപരം മുതൽ കലിയുഗാന്തിമം വരെ ആകെ അവരുടെ ജന്മം കയറുന്ന കലയിൽ ഇരുപത്തൊന്നും ഇറങ്ങുന്ന കലയിൽ അറുപത്തിമൂന്നുമായി ആകെ 84 ജന്മങ്ങൾ മനുഷ്യരെടുക്കുന്നു. ബാക്കി മനുഷ്യർ ഇങ്ങനെ മനസ്സിലാക്കുന്നത് അതായത് 84 ലക്ഷം ജന്മങ്ങളെടുക്കുന്നു എന്ന് പറയുന്നത് തെറ്റാണ്. അഥവാ മനുഷ്യന് തന്റെ ജന്മത്തിൽ സുഖവും ദു:ഖവും രണ്ട് പാർട്ടും അനുഭവിക്കാൻ സാധിക്കുമെങ്കിൽ പിന്നെ മൃഗങ്ങളുടെ ശരീരത്തിൽക്കൂടി അനുഭവിക്കേണ്ട ആവശ്യകതയെന്താണ്. ബാക്കി, മുഴുവൻ സൃഷ്ടിയിലും പക്ഷി-മൃഗാദികൾ 84 ലക്ഷം ഉണ്ടാകാം, എന്തുകൊണ്ടെന്നാൽ അനേക വിധത്തിലുള്ള ജീവജാലങ്ങളുണ്ടല്ലോ. പക്ഷെ മനുഷ്യൻ മനുഷ്യശരീരത്തിലൂടെത്തന്നെയാണ് തന്റെ പാപ-പുണ്യങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്, അതേപോലെ മൃഗങ്ങളും തങ്ങളുടെ ശരീരത്തിലൂടെ അനുഭവിക്കുന്നു. മനുഷ്യൻ മൃഗങ്ങളുടെ ശരീരമെടുക്കുന്നില്ല, മൃഗങ്ങൾ മനുഷ്യരുടെ ശരീരവും സ്വീകരിക്കുന്നില്ല. മനുഷ്യന് തന്റെ ശരീരത്തിൽക്കൂടിത്തന്നെ അനുഭവിക്കേണ്ടി വരുന്നു, അതുകൊണ്ട് മനുഷ്യന് മനുഷ്യജീവിതത്തിൽ തന്നെ സുഖ- ദു:ഖങ്ങളുടെ അനുഭവമുണ്ടാകുന്നു. അതേപോലെ മൃഗങ്ങൾക്കും തങ്ങളുടെ ശരീരത്തിൽക്കൂടി സുഖ-ദു:ഖങ്ങൾ അനുഭവിക്കണം. പക്ഷെ അവരുടെ ബുദ്ധിയിൽ ഇതുണ്ടാകില്ല, അതായത് ഇതനുഭവിക്കുന്നത് ഏത് കർമ്മം കാരണമാണ്? അവർ അനുഭവിക്കുന്നതും മനുഷ്യർക്കറിയാം എന്തുകൊണ്ടെന്നാൽ മനുഷ്യൻ ബുദ്ധിവാനാണല്ലോ, അല്ലാതെ മനുഷ്യൻ 84 ജന്മങ്ങൾ എടുക്കുന്നു എന്നത് ശരിയല്ല. ഇത് മനുഷ്യരെ ഭയപ്പെടുത്തുന്നതിന് വേണ്ടി പറയുന്നതാണ് അതായത് തെറ്റായ കർമ്മം ചെയ്താൽ മൃഗശരീരത്തിൽ ജന്മമെടുക്കേണ്ടി വരുമെന്ന്. നമ്മളും ഇപ്പോൾ ഈ സംഗമ സമയത്ത് ജീവിതത്തെ പരിവർത്തനപ്പെടുത്തി പാപാത്മാവിൽ നിന്ന് പുണ്യാത്മാവായി മാറിക്കൊണ്ടിരിക്കുകയാണ്. ഓം ശാന്തി.